# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4736 — 29-6-2012-ൽ മറുപടിക്ക്

**പഞ്ചായത്തുകൾ നൽകുന്ന ഉടമസ്ഥത/താമസ സർട്ടിഫിക്കറ്റുകളിൽ പഴയ നമ്പർ കൂടി രേഖപ്പെടുത്തണമെന്ന ആവശ്യം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി. : | ഡോ.എം.കെ.മുനീർ ( പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) നടപ്പുവർഷം കെട്ടിട നികുതി രജിസ്റ്റർ പുതുക്കുന്ന ഗ്രാമ പഞ്ചായത്തുകൾ നൽകുന്ന ഉടമസ്ഥത/താമസ സർട്ടിഫിക്കറ്റുകളിൽ പുതുക്കിയ നമ്പർ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) റേഷൻ കാർഡ് ഉൾപ്പെടെയുള്ള മറ്റു രേഖകളിലെ വിവരങ്ങളുമായി ഈ നമ്പർ പൊരുത്തപ്പെടാത്തതിനാൽ പൊതു ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) ഇപ്പോൾ ഗ്രാമ പഞ്ചായത്തുകളിൽ നിലവിലുള്ളത് 1993-94 വർഷത്തെ കെട്ടിടനികുതി അസസ്മെന്റ് രജിസ്റ്ററാണ്. ഇതുപ്രകാരമുള്ള കെട്ടിട നമ്പർ ചേർത്താണ് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകി വരുന്നത്. 2010-ലെ വാർഡ് വിഭജന പ്രകാരം വസ്തുനികുതി പരിഷ്കരണത്തോടനുബന്ധിച്ച് പുതിയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ തയ്യാറാക്കി വരുന്നുണ്ട്. കെട്ടിട ഉടമ അപേക്ഷിച്ചാൽ ടി കെട്ടിട നമ്പർ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകുന്ന സർട്ടിഫിക്കറ്റ് ഉപയോഗിച്ച് |

റേഷൻകാർഡ് പുതുക്കുന്ന അവസരത്തിൽ പുതിയ നമ്പർ ചേർത്താൽ ഭാവിയിൽ കെട്ടിട നമ്പർ മൂലമുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ കഴിയുന്നതാണ്.

(സി) ഗ്രാമ പഞ്ചായത്തുകൾ നൽകുന്ന ഉടമസ്ഥത /താമസ സർട്ടിഫിക്കറ്റുകളിൽ പഴയതും പുതിയതുമായ രണ്ടു നമ്പറുകളും രേഖപ്പെടുത്തണമെന്ന് നിർദ്ദേശം നൽകുമോ ?

സി) പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.